KASE
KERALA ACADEMY FOR SKILLS EXCELLENCE
Skill Development Mission of Government of Kerala

iSTEP
SKILLED - DELIVERED

DP

E1

57348 A.O

08.07.2022

അച്ചടി വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

**വിഷയം: KASE - അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനാഘോഷം – സംബന്ധിച്ച്.**

തൊഴിലില്ലായ്മ പ്രശ്നങ്ങളെ അതിജീവിക്കാൻ ലോകയുവജനതയെ പ്രാപ്തരാക്കുന്ന തരത്തിലുള്ള ഗുണമേന്മയുള്ള വ്യാവസായിക- വിദ്യാഭ്യാസ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യം ലോകരാഷ്ട്രങ്ങളെ ഓർമ്മപ്പെടുത്തുന്നതിനായി 2014 നവംബറിൽ ഐക്യ രാഷ്ട്രസഭ ജൂലൈ 15 അന്താരാഷ്ട്ര യുവജന നൈപുണ്യദിനമായി പ്രഖ്യാപിച്ചു . 2015 മുതൽ വിവിധ പരിപാടികളോടെ ഈ ദിനം സമുചിതമായി ആചരിച്ചുവരുന്നു. അന്താരാഷ്ട്ര യുവജന നൈപുണ്യദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 ജൂലൈ 15 ന് ബഹു. പൊതു വിദ്യാഭ്യാസവും, തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി **ശ്രീ. വി ശിവൻകുട്ടി**, നിർവഹിക്കുന്നതാണ്.

വിദ്യാർത്ഥികളിലെ നൈപുണ്യ ശേഷി തിരിച്ചറിഞ്ഞു അവയെ പരിപോഷിപ്പിക്കുന്നതിന്റെ ആവശ്യകതയെകുറിച്ച് പൊതു സമൂഹത്തിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. യുവജന നൈപുണ്യദിനാഘോഷത്തിന്റെ ഭാഗമായി നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതു ജനങ്ങളിൽ എത്തിക്കുന്ന തരത്തിലുള്ള വിവിധ കാര്യ പരിപാടികൾ അങ്ങയുടെ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ/പരിശീലന കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അന്താരാഷ്ട്ര യുവജന നൈപുണ്യദിനത്തിൽ ചൊല്ലേണ്ട പ്രതിജ്ഞയും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ സന്ദേശവും തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ.

ഫയൽ നമ്പർ:- 57348/2022/E1/DP തീയതി:- 13/7/22

2022 ജൂലൈ 15-ന് അന്താരാഷ്ട്ര യുവജന നൈപുണ്യദിനം ആചരിക്കുന്നതിന്റെ ഭാഗമായി ...

"ഭരണ ഭാഷ – മാതൃഭാഷ"

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

(സംസ്ഥാന നൈപുണ്യ വികസന മിഷൻ)

**തൊഴിലും നൈപുണ്യവും വകുപ്പ്**

**കേരള സർക്കാർ**

## അന്താരാഷ്ട്ര യുവജന നൈപുണ്യദിനം - പ്രതിജ്ഞ

നമ്മുടെ രാഷ്ട്രത്തിന്റെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് യുവജനതയുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ഞാൻ മനസിലാക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ കേരളീയ തൊഴിൽ സമൂഹത്തിന്റെ പ്രാധാന്യവും സ്വീകാര്യതയും ഉയർത്തിക്കാട്ടാൻ, തൊഴിൽ നൈപുണ്യം കൈവരിക്കുന്നതിനോടൊപ്പം നൈപുണ്യത്തിന്റെ പ്രാധാന്യം പൊതു സമൂഹത്തിന് പകർന്നു നൽകേണ്ടതും എന്റെ കർത്തവ്യമാണ്. തൊഴിൽ നൈപുണ്യത്തിന്റെ സന്ദേശവാഹകരായി, നൈപുണ്യ കേരളത്തിന് വേണ്ടി നമുക്ക് കൈകോർക്കാം.

എന്റെയും വരും തലമുറയുടെയും സുരക്ഷിതഭാവിക്കായി അഭിരുചിക്കനുസൃതമായ തൊഴിൽ വൈദഗ്ധ്യം നേടാൻ ഒരുമിച്ച് മുന്നേറുമെന്നു ഈ അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനത്തിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ജയ് ഹിന്ദ്.

വ്യാവസായിക പരിശീലന വകുപ്പ്

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്
സംസ്ഥാന നൈപുണ്യ വികസന മിഷൻ